Draft #2 of File 47126/EI 38/1/2019/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Dec-2019 11:46 AM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സെന്റ്.തെരേസാസ് കോളേജ്, എറണാകുളം (സ്വയംഭരണം)- കോളേജിലെ PG Diploma in Clinical Nutrition & Dietetics എന്ന പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയായി B.Sc.Chemistry അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 6158/AC B 7/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 03.12.2019

---

പരാമർശം:-1) 13/04/2018-ലെ 3350/3/എസിബി VII/2018 നമ്പർ സർവ്വകലാശാല ഉത്തരവ്
2) 21/02/2017-ലെ 1036/ബിVII/2016/അക്കാദമിക് നമ്പർ സർവ്വകലാശാല ഉത്തരവ്
3) 21/07/2018 -ലെ സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ എസ്.ടി.സി./എ.യു /734/2018 നമ്പർ കത്ത്.
4) 25/11/2019-ലെ സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ STCAU/1064/19 നമ്പർ കത്ത്.

**ഉത്തരവ്**

സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.തെരേസാസ് കോളേജിൽ 2015, 2016 കാലഘട്ടത്തിൽ സർവ്വകലാശാലയുടെ അനുമതി തേടാതെ 19 പുതിയ പ്രോഗ്രാമുകൾ ആരംഭിച്ചിരുന്നു. 2015, 2016, 2017 വർഷങ്ങളിൽ ടി പ്രോഗ്രാമിലേക്ക് നടന്ന പ്രവേശനം ക്രമപ്പെടുത്തി ടി വർഷങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ/ ഡിഗ്രി സാക്ഷ്യപത്രങ്ങൾ വിതരണം ചെയ്യുവാൻ അനുമതി നൽകി പരാമർശം-1 സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി കോളേജിൽ ആരംഭിച്ചിട്ടുള്ള പുതിയ പ്രോഗ്രാമുകളിൽ ഒന്നാണ് PG Diploma in Clinical Nutrition & Dietetics. ടി പ്രോഗ്രാമിന്റെ സിലബസിന് പരാമർശം-2 ഉത്തരവ് പ്രകാരം ഡീമിങ് അപ്പ്രൂവൽ ലഭിച്ചിട്ടുണ്ട്. സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ചിരുന്ന പരാമർശം-3 കത്തിൽ ടി പ്രോഗ്രാമിലേക്കുള്ള പ്രവേശന യോഗ്യതയായി "B.Sc. Degree in Home Science, Botany, Zoology, Biochemistry, Biotechnology, Food Science & Quality Control and Clinical Nutrition & Dietetics, B.Sc. Nursing, BHMS, BAMS and any related subjects" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രോഗ്രാമിലേക്ക് പ്രവേശനം ലഭിച്ച ഹരിത കൃഷ്ണൻ കെ.ആർ., അലീഷാ സജി എന്നീ വിദ്യാർത്ഥിനികൾക്ക് B.Sc.Chemistry ബിരുദം ആണ് ഉള്ളത്. B.Sc.Chemistry-യിലുള്ള ബിരുദം PG Diploma in Clinical Nutrition & Dietetics പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയിൽ പെടുത്തി ടി വിദ്യാർത്ഥിനികളുടെ പ്രവേശനം ക്രമപ്പെടുത്തണം എന്ന് പ്രിൻസിപ്പൽ പരാമർശം-4 പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് ക്ലിനിക്കൽ ന്യൂട്രിഷൻ & ഡീറ്റെറ്റിക്സ് എക്സ്പെർട്ട് കമ്മിറ്റി ചെയർപെഴ്സന്റെ അഭിപ്രായം തേടിയിരുന്നു.

സെന്റ്.തെരേസാസ് കോളേജിലെ PG Diploma in Clinical Nutrition & Dietetics എന്ന പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന് B.Sc.Chemistry യോഗ്യതയുള്ള വിദ്യാർത്ഥികളെ പരിഗണിക്കാവുന്നതാണ് എന്ന് ക്ലിനിക്കൽ ന്യൂട്രിഷൻ &ഡയറ്റെറ്റിക്സ് എക്സ്പെർട്ട് കമ്മിറ്റി ചെയർപേഴ്സൺ ശുപാർശ ചെയ്തു. ക്ലിനിക്കൽ ന്യൂട്രിഷൻ &ഡയറ്റെറ്റിക്സ് ചെയർപെഴ്സണിന്റെ അഭിപ്രായം പരിഗണിച്ച് PG Diploma in Clinical Nutrition and Dietetics പ്രോഗ്രാമിന്റെ പ്രവേശനയോഗ്യതയായി B.Sc.Chemistry അംഗീകരിച്ച് അർഹരായ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർടിഫിക്കറ്റുകൾ നൽകാവുന്നതാണ് എന്ന് ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ സെന്റ് തെരേസാസ് കോളേജ് , എറണാകുളം
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. ഏസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യൂ.എ.സി.
9. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39സെക്ഷൻ
10. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

Draft #2 of File 47126/EI 38/1/2019/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Dec-2019 11:46 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം